

TUESDAY 21-09-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -21/09/2021

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ **സംയോജിത വിളവെടുപ്പാനന്തര പരിപാലനം** എന്ന ഘടകത്തിന്റെ ഭാഗമായി പായ്ക്ക്ഹൗസുകൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ശീതീകരണമുറി, മൊബൈൽ ശീതീകരണശാല, റീഫർ വാനുകൾ, റൈപ്പനിംഗ് ചേംബർ, പ്രോസസ്സിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യനിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, 25 അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുണ്ടായിരിക്കും. സമതല പ്രദേശങ്ങളിലെ ധനസഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോരപ്രദേശങ്ങൾക്ക് 15 ശതമാനം അധിക ധനസഹായവും അനുവദിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

2. തിരുവനന്തപുരം കഴക്കൂട്ടത്ത് കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോക്കനട്ട് നഴ്സറിയിൽ ഗുണനിലവാരമുള്ള ഡബ്ല്യൂ സി റ്റി (WCT) ഇനം തെങ്ങിൻ തൈകൾ വിൽപ്പനയ്ക്കായി സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമുള്ളവർ പ്രവർത്തി സമയം നേരിട്ട് സമീപിക്കുക.

3. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു മുതൽ ഈ മാസം **24** വരെ (സെപ്റ്റംബർ 20 മുതൽ 24) വരെ **മുള്ളൻകൊല്ലി** ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി

ഡോക്ടറുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് **9495478744, 9074520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. മൃഗ സംരക്ഷണ വകുപ്പിന്റെ ആനിമൽ റിസോഴ്സ് ഡവലപ്മെന്റ് 2021-22 സംസ്ഥാന പദ്ധതിയിൽ താങ്ങ് പലിശ സഹായ പദ്ധതി പ്രകാരം വയനാട് ജില്ലയിലെ മൃഗസംരക്ഷണ മേഖലയിൽ സംരംഭങ്ങൾക്കായി വായ്പയെടുത്ത് സംരംഭമാരംഭിച്ച കർഷകരിൽ വായ്പ മുടക്കമില്ലാതെ തിരിച്ച് അടച്ചുകൊണ്ടിരിക്കുന്ന 200 കർഷകർക്ക് വാർഷിക പലിശയിനത്തിൽ പരമാവധി 5000 രൂപ വരെ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള 2021-22 വർഷത്തെ വാർഷിക പലിശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നു. (5 പേരടങ്ങിയ ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പിന് പരാമവധി 25000 രൂപ) പദ്ധതി മാനദണ്ഡ പ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ലോൺ അക്കൗണ്ടിലേക്കാണ് അർഹമായ ധനസഹായം അനുവദിക്കുക. 2017-18 വർഷമോ അതിനു ശേഷമോ മൃഗസംരക്ഷണ മേഖലയിലെ സംരംഭങ്ങൾക്കായി വായ്പ എടുത്ത കർഷകർക്കാണ് ആനുകൂല്യം ലഭിക്കുക. കൃത്യമായി തിരിച്ചടവ് നടത്താത്ത അപേക്ഷകർ അർഹരല്ല. 2021-22 വർഷം ലോൺ അടച്ചു തീർത്ത അപേക്ഷകരെയും പരിഗണിക്കും. എസ്.സി/എസ്.ടി, വിധവ, ബി.പി.എൽ, വനിത എന്നീ ക്രമത്തിൽ അപേക്ഷകർക്ക് മുൻഗണന നൽകും. പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിലെ മൃഗാശുപത്രികളിൽ ഒക്ടോബർ 4 ന് മുമ്പ് ധനസഹായത്തിനുള്ള അപേക്ഷ നൽകണം. അപേക്ഷാ ഫോറം മൃഗാശുപത്രികളിൽ ലഭിക്കും.

**പരിശീലന പരിപാടികൾ**

5. **സ്റ്റേറ്റ്** അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ നാളെ (22/09/2021-നു) വൈകിട്ട് 7 മണി മുതൽ **ആദായകരമായ പുഷ്പകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽവയനാട് ജില്ലയിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റുമാർക്ക്/പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് നാളെ (22/09/2021 ന്) രാവിലെ 10.30 മണിക്ക് **ഭക്ഷ്യസുരക്ഷ നിയമം-2006 പാൽഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധനാ ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ** എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **പാൽഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/ydy-zpbo-vzr എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

7. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആര്യ (യുവതി യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും ഉള്ള പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി ചെറു തേനീച്ച വളർത്തൽ, ഇന്ത്യൻ തേനീച്ച വളർത്തൽ മുതലായവയിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. തുടർ പരിശീലന പരിപാടിയുടെ ഭാഗമായിട്ടുള്ള ആദ്യത്തെ ക്ലാസ്സ് നാളെ (സെപ്റ്റംബർ 22 നു) നടത്തുന്നു. കണ്ണൂർ ജില്ലയിലെ 40 വയസ്സിനു താഴെയുള്ള കർഷകർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 22-നു മുമ്പ് **0460 -2226087, 8547675124** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും ഇന്ന് (21-ന്) **ഓമനപ്പക്ഷികളുടെ പരിപാലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താല്പര്യമുള്ളവർക്ക് **04829-234323** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522706** എന്ന നമ്പരിൽ വാട്സ് ആപ് നമ്പരിൽ സന്ദേശമയച്ചോ പരിശീലനത്തൽ പങ്കെടുക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റെയിൻഗാർഡിങ്ങിൽ** ഇന്ന് (സെപ്റ്റംബർ 21-ന്) ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.00 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27-ന് **താറാവു വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701.** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

11. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (സെപ്തംബർ 22-ന്) **ഒരു വർഷം – ഒരു പശുക്കിടാവ് – വിജയകരമായ കന്നുകാലി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446890889** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഈ മാസം 23-ന് (സെപ്റ്റംബർ 23) ഉച്ചയ്ക്ക് 2 മണി മുതൽ **കന്നുകാലികളിലെ സ്ട്രെസ്സ് മാനേജ്മെന്റ് – ക്ഷീര കർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 23-ന് (സെപ്റ്റംബർ 23) രാവിലെ 11 മണിക്ക് **ക്ഷീരസംഘം ജീവനക്കാർക്കായി സർവീസ് പുസ്തകം- ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481-2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.